ആറന്മുള ജി. കൃഷ്ണപിള്ള സ്മാരക സർക്കാർ ഹോമിയോ ആശുപത്രിയിലെ രോഗികൾക്ക് ആഹാരം

1113. [1663] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ആറന്മുള ജി. കൃഷ്ണപിള്ള സ്മാരക സർക്കാർ ഹോമിയോ ആശുപത്രിയിൽ ചികിൽസയിൽ കിടക്കുന്ന രോഗികൾക്ക് വളരെ നാളുകളായി ആഹാരസാധനങ്ങൾ കിട്ടുന്നില്ല എന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ചികിൽസയിൽ കിടക്കുന്ന രോഗികൾക്ക് ആഹാര സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ സർക്കാർ നേരിട്ട് ആഹാരസാധനങ്ങൾ പാചകം ചെയ്ത് കൊടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഒക്ടോബർ മാസത്തിൽ കുറെ ദിവസങ്ങളിൽ കഞ്ഞി ഡയറിനു പകരം മുഴുവൻ രോഗികൾക്കും മിൽക്ക് ഡയറ്റ് നൽകുവാൻ നിർബന്ധിതമായിട്ടുണ്ട്. ആഹാരസാധനങ്ങൾ വാങ്ങുന്നത് കമ്പോളത്തിലെ വിലനിലവാരത്തിന്റെ അടിസ്ഥാനത്തിലാക്കിയതിനെത്തുടർന്ന് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് കോൺട്രാക്ടർ വിസമ്മതിച്ചതുമൂലം ചില ബുദ്ധിമുട്ടുകൾ ഉണ്ടായി. അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നവംബർ മാസം മുതൽ കഞ്ഞി ഡയറ്റ് നൽകിത്തുടങ്ങിയിട്ടുണ്ട്.

(സി) ആഹാരസാധനങ്ങൾ ഡിപ്പാർട്ടുമെൻറ് നേരിട്ടു തന്നെയാണ് പാചകം ചെയ്തു നൽകിവരുന്നത്.

എൻട്രൻസ് പരീക്ഷയ്ക്കുള്ള അപേക്ഷാഫാറം

1114. [1689] ശ്രീ. ജി. വരദൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ കോളേജിലെ പി. ജി. കോഴ്സ് എൻട്രൻസ് പരീക്ഷയ്ക്കുള്ള അപേക്ഷാഫാറം എം. ബി. ബി. എസ്. എൻട്രൻസ് പരീക്ഷ ഫാറത്തിന് അനുവദിച്ചപോലെ സൗജന്യനിരക്കിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പി. ജി. കോഴ്സ് എൻട്രൻസ് പരീക്ഷയ്ക്കുള്ള അപേക്ഷാഫാറത്തിന് സൗജന്യം അനുവദിക്കാൻ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly